# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ. **166/2026** തിരുവനന്തപുരം, തീയതി: **06/08/2026**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല മൂന്നാം സെമസ്റ്റർ ബി.എ ഇക്കണോമിക്സ് ആൻഡ് മീഡിയ സ്റ്റഡീസ്, ബി.എ ഇക്കണോമിക്സ് ആൻഡ് മാത്തമാറ്റിക്സ്, ബി കോം അക്കൗണ്ട്സ് ആൻഡ് ഡാറ്റ സയൻസ് ന്യൂജനറേഷൻ ഡബിൾ മെയിൻ ജനുവരി 2026 ഡിഗ്രി പരീക്ഷയുടെ (2020 അഡ്മിഷൻ - മേഴ്സി ചാൻസ്) ഫലം പ്രസിദ്ധീകരിച്ചു. പുനഃമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തിയതി 2026 ആഗസ്റ്റ് 14. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കേരളസർവകലാശാല പുതിയ കോളേജ്, കോഴ്സ്, സീറ്റ് വർദ്ധനവ് എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു

2027-28 അദ്ധ്യയന വർഷത്തിൽ കേരള സർവകലാശാലക്ക് കീഴിൽ പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച് എന്നിവക്കുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് കേരളസർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralauniversity.ac.in –ലെ Affiliation portal മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണു. ഓൺലൈനായി അപേക്ഷ സമർപ്പിച്ച ശേഷം പ്രസ്തുത അപേക്ഷയുടെ പ്രിൻറ് ഔട്ട് അനുബന്ധ രേഖകളുടെ പകർപ്പ് സഹിതം സർവകലാശാല ഓഫീസിൽ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 ആഗസ്റ്റ് 31 ആണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ പ്രിൻറ് ഔട്ടും അനുബന്ധ രേഖകളും സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി 2026 സെപ്റ്റംബർ 07 ആണ്.

വിജ്ഞാപനവും അപേക്ഷിക്കുന്നതിനുള്ള നിർദേശങ്ങളും അഫിലിയേഷൻ പോർട്ടലിൽ ലഭ്യമാണ്. അപേക്ഷക്കുള്ള ഫീസ് അഫിലിയേഷൻ പോർട്ടൽ മുഖാന്തിരം ഒടുക്കേണ്ടതാണ്.

അപേക്ഷകളുടെ പ്രിൻറ് ഔട്ടും അനുബന്ധ രേഖകളും രജിസ്ട്രാർ, കേരള സർവകലാശാല, സെനറ്റ് ഹൗസ് ക്യാമ്പസ്, പാളയം, തിരുവനന്തപുരം – 695034 എന്ന അഡ്രസ്സിൽ 07.09.2026 നോ അതിനു മുന്നെയോ ലഭിക്കത്തക്ക രീതിയിൽ അയക്കേണ്ടതാണ്. 31.08.2026 നു ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല, അഫിലിയേഷൻ പോർട്ടൽ മുഖാന്തിരം സമർപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## കേരള സർവകലാശാല
## ബിഎഡ് പ്രവേശനം 2026 - 27
## ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 7 ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയകോളേജുകൾ എന്നിവയിലേക്കുള്ള ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള ജനറൽ, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട, സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 7 ന് പാളയം, കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെയാണ്, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter)നൽകി രക്ഷകർത്താവിനെയോ പ്രതിനിധിയെയോ അയക്കാവുന്നതാണ്.

നിലവിൽ കേരള യൂണിവേഴ്സിറ്റിയിൽ ബിഎഡ് അഡ്മിഷനുള്ള വിദ്യാർത്ഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, ടി.സി യും യോഗ്യതയും (ഇ.ഡബ്ല്യൂ.എസ്, ഭിന്നശേഷി -more than 40%)തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം.

ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

കോളേജിലെ ഒഴിവുള്ള ബ്ലൈൻഡ്, ഡിഫറെന്റ്ലി ഏബിൾഡ് (D A)ക്വാട്ട സീറ്റുകൾ, അതാതു കാറ്റഗറിയിലെ വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം ജനറൽ സീറ്റിലേക്ക് കൺവെർഷൻ നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

കെ.യു.സി.റ്റി.ഇകളിലെ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന അതാതു കോളേജിലെ മറ്റു കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

EWSവിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത്. EWSവിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ

പങ്കെടുക്കുന്ന മറ്റു കോഴ്സുകളിലെEWS വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ നൽകുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in)ശ്രദ്ധിക്കേണ്ടതാണ്.
വിശദവിശദവിവരങ്ങൾക്ക്ഹെൽപ്പ് ലൈൻ നമ്പർ : 8281883053 (Whatsapp also), ഇമെയിൽ : bedadmission@keralauniversity.ac.in

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*****9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**